**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3916** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഇരവിപുരം മണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ എം നൗഷാദ്</td><td colspan="2">ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>കെ-ഫോൺ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുവെന്നും പദ്ധതി പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;</td><td>(എ)</td><td>കെ-ഫോൺ പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനായി ലോക്കൽ നെറ്റ് വർക്ക് പ്രൊവൈഡർമാരെ പദ്ധതിയുടെ ഭാഗമാക്കുന്ന നടപടി സ്വീകരിച്ചു വരികയാണ്. വാണിജ്യ കണക്ഷനുകൾ ലോക്കൽ നെറ്റ് വർക്ക് പ്രൊവൈഡർമാർ മുഖേനെയാണ് നൽകി വരുന്നത്.<br><br>21582 സർക്കാർ ഓഫീസുകളിൽ/ സ്ഥാപനങ്ങളിൽ കെ-ഫോൺ കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 5699 കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ, 13628 ഉപഭോക്താക്കൾക്ക് വാണിജ്യ അടിസ്ഥാനത്തിലുള്ള കണക്ഷൻ നൽകി.</td></tr>
<tr><td>(ബി)</td><td>ഇരവിപുരം മണ്ഡലത്തിൽ നാളിതുവരെ എത്ര കെ-ഫോൺ കണക്ഷനുകൾ നൽകിയിട്ടുണ്ടെന്ന് കോർപ്പറേഷൻ/പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?</td><td>(ബി)</td><td>സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യമായി നൽകിയ കണക്ഷന്റെ വിശദാംശം:-
<table>
<tr><td>തദ്ദേശസ്വയംഭരണ സ്ഥാപനം</td><td>നൽകിയ കണക്ഷനുകളുടെ എണ്ണം</td></tr>
<tr><td>മയ്യനാട് ഗ്രാമ പഞ്ചായത്ത്</td><td>6</td></tr>
</table>
സർക്കാർ ഓഫീസ്/ സ്ഥാപനങ്ങളിൽ നൽകിയ കണക്ഷന്റെ വിശദാംശം:-
<table>
<tr><td>തദ്ദേശസ്വയംഭരണ സ്ഥാപനം</td><td>നൽകിയ കണക്ഷനുകളുടെ എണ്ണം</td></tr>
<tr><td>കൊല്ലം കോർപ്പറേഷൻ</td><td>61</td></tr>
<tr><td>മയ്യനാട് ഗ്രാമ പഞ്ചായത്ത്</td><td>16</td></tr>
<tr><td>ആകെ</td><td>77</td></tr>
</table>
</td></tr>
</table>

സെക്ഷൻ ഓഫീസർ